ഇരുപത്തിയെട്ട് സ്ക്കൂളുകളുടെ പ്രവർത്തനം ഈയൊരു സ്ക്കീമിൽ തന്നെ എടുത്തിട്ടുണ്ട്. അതുപോലെ ഏറ്റവും കൂടുതൽ പണം കൊടുത്തിരിക്കുന്നതും തിരുവനന്തപുരം ജില്ലയ്ക്കാണ്. ഇങ്ങനെ കെട്ടിടങ്ങളും തീരുമ്പോൾ അവിടെ അക്കോമഡേഷൻ ഉണ്ടാകുകയാണെങ്കിൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിക്കും.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സ്ക്കൂൾ കെട്ടിടങ്ങൾ

* 129. (134.) ശ്രീ. നാലകത്ത് സൂപ്പി :
,, ഇ.ടി. മുഹമ്മദ് ബഷീർ :
,, പി.കെ.കെ. ബാവ :
,, എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ :
,, കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് എത്ര സ്ക്കൂൾ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടപ്പുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസമുണ്ടാക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) :

(എ) ഒന്നുമില്ല.
(ബി) ഉദിക്കുന്നില്ല.
(സി) സാധാരണയായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറില്ല. ചില കെട്ടിടങ്ങളുടെ കാര്യത്തിൽ കാലതാമസമുണ്ടാകുന്നത് അവയുടെ അറ്റകുറ്റപ്പണികളും സമയത്തിന് പൂർത്തിയാക്കാത്തതിനാലാണ്.

ശ്രീ. നാലകത്തു സൂപ്പി :—സർ, തക്കസമയത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കാൻ സാധിക്കാത്തതുകൊണ്ട് ഫിക്സേഷനിൽ പോസ്റ്റ് നഷ്ടപ്പെടുന്ന അദ്ധ്യാപകനുണ്ട്. അങ്ങനെ പോസ്റ്റ് നഷ്ടപ്പെടുന്ന അദ്ധ്യാപകർ രണ്ടാമത് നിയമനം കിട്ടുന്നതിന് അപ്പീൽ കൊടുത്ത് ഹിയറിംഗ് കേൾക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അകാരണമായി കാലതാമസം വരുത്തുന്നുവെന്നത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ കൃത്യസമയത്തിനകം ഫിക്സേഷൻ നടത്തി പോസ്റ്റ് അനുവദിക്കുന്നതിനുള്ള നടപടിയെടുക്കുന്നതിന് നിർദ്ദേശം കൊടുക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ടി.എം. ജേക്കബ്ബ് :—സർ, ഫിക്സേഷൻ നടത്തുന്നതിന് പ്രത്യേക നിർദ്ദേശങ്ങളുണ്ട്. അത് റൂൾസിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ മേൽ എന്തെങ്കിലും തർക്കമുണ്ടാകുമ്പോഴാണ് അപ്പീൽ വരുന്നത്. സ്വാഭാവികമായും കൺട്രോളിംഗ് ആഫീസർമാർ പല ഗ്രേഡുകളിൽ അപ്പീൽ കേൾക്കാറുണ്ട്. അപ്പോൾ അതിനേറ്റായിട്ടുള്ള സമയം തന്നെ ആവശ്യമായി വരുന്നു. ഒരു സമയപരിധി കൽപ്പിച്ച് ഇത് ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും കഴിയുന്നിടത്തോളം വേഗത്തിൽ ഇങ്ങനെയുള്ള അപ്പീൽ കേസുകളിൽ തീർപ്പ് കൽപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. നാലകത്തു സൂപ്പി :—സർ, വിദ്യാഭ്യാസ വർഷം എന്നുപറയുന്നത് ജൂൺ 1 മുതൽ മാർച്ച് 31 വരെയാണ്. മുസ്ലിം സ്ക്കൂളുകളെ സംബന്ധിച്ചിടത്തോളം അത് ഏപ്രിൽ, മേയ് വരെയൊക്കെയാകും. അത്തരം സ്ക്കൂളു

LIBRARY ARCHIVES Kerala Legislative Assembly

കളിൽ മാർച്ച് 31-നു ശേഷം സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഇൻസിസ്റ്റ് ചെയ്യണ്ടേ? ഈ കാര്യത്തെക്കുറിച്ച് എന്താണ ഭിപ്രായം ?

ശ്രീ. ടി.എം. ജേക്കബ്ബ് :—ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കണ മെന്നത് നിർബന്ധമായിട്ടുള്ള കാര്യമാണ്. അതിനകത്ത് എന്തെങ്കിലും വേവ് ചെയ്തുകൊടുക്കുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അങ്ങനെ വന്നാൽ പലതരത്തിലുള്ള അനിഷ്ട സംഭവങ്ങൾക്ക് നമ്മൾ സാക്ഷ്യം വഹിക്കേണ്ടതായി വരും. അതും ഫിക്സേഷനുമായി, കാര്യങ്ങൾ നടത്താൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. പി.കെ.കെ. ബാവ :—സർ, ഈയിടെയായി സ്ക്കൂൾ കെട്ടിടങ്ങളുടെ ഉയരത്തിന്റെ അനുപാതത്തിൽ വർദ്ധനവ് വരുത്തിയതിനെത്തുടർന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടാൻ പലപ്പോഴും സ്ക്കൂൾ അധികൃതർ പ്രയാസപ്പെടുകയാണ്. ഇപ്പോൾ വർദ്ധിച്ചിട്ടുള്ള ഹൈറ്റ്, അത് കടലോര പ്രദേശങ്ങളിൽ ദോഷകരമായി ബാധിക്കുന്നുവെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ആ പ്രദേശങ്ങളെയെങ്കിലും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ഹൈറ്റിൽ നിന്ന് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കുമോ ?

ശ്രീ. ടി.എം. ജേക്കബ്ബ് :—സ്ക്കൂൾ കെട്ടിടങ്ങളുടെ ഉയരത്തെ സംബന്ധിച്ചും അതിന്റെ വിസ്തീർണ്ണത്തെ സംബന്ധിച്ചും ഒക്കെ നമ്മുടെ കെ.ഇ.ആർ. ൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ വളരെ ഉയരത്തിൽ കെട്ടിടം പണിയുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് കാണിച്ചാൽ അതിന് പലപ്പോഴും എക്സംപ്ഷൻ കൊടുത്തിട്ടുണ്ട്. അങ്ങനെ പ്രത്യേകമായിട്ടുള്ള കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി.കെ.കെ. ബാവ:—സർ, ഒരു നിയോജകമണ്ഡലത്തിൽ രണ്ടു സ്ക്കൂളുകൾ കൊടുക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അത് സന്തോഷകരമായിട്ടുള്ള കാര്യമാണ്. പക്ഷെ തെങ്ങിനും കവുങ്ങിനും കൂടി ഒരു തള്ളപ്പ് എന്ന മാനദണ്ഡം ശരിയാണോയെന്നാണ് എന്റെ സംശയം. പല പ്രദേശങ്ങളും സ്ക്കൂൾ കെട്ടിടത്തിന്റെ കാര്യത്തിൽ വളരെ ദാരിദ്ര്യമനുഭവിക്കുന്നു എന്ന വസ്തുത പരിഗണിച്ച്. ഈകാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാമോ? ഞാൻ തന്നെ എന്റെ നിയോജകമണ്ഡലത്തിൽ രണ്ടു സ്ക്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് വളരെ പ്രയാസപ്പെട്ടിട്ടുണ്ടെന്ന വസ്തുത പരിഗണിച്ച് ഇതുപോലെയുള്ള പ്രദേശങ്ങളിൽ സ്ക്കൂൾകെട്ടിടങ്ങൾ പണിയുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്ബ്:—സർ, ഇതിന് പോസിറ്റീവായിട്ട് മറുപടി പറയുവാൻ ബുദ്ധിമുട്ടുണ്ട്. മിക്കവാറും എല്ലാ വിദ്യാലയങ്ങൾക്കും കെട്ടിടം ആവശ്യമായിട്ടുണ്ട്. ഞങ്ങളുടെ കയ്യിൽ ഒരു മുൻഗണനാലിസ്റ്റുണ്ട്. അതനുസരിച്ചുമാത്രമേ ജോലികൾ ഏറ്റെടുക്കുവാൻ കഴിയൂ. ഇതിൽ പ്രാദേശികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ:—സർ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്തശേഷം ഏതാനും ദിവസങ്ങൾക്കുള്ളിൽ തകർന്നുവീണ സ്ക്കൂൾ കെട്ടിടങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ ? അതിൽപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഈ ഗവൺമെന്റ് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ?

ശ്രീ. ടി.എം. ജേക്കബ്ബ്:—സർ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

രുന്ന ഒരു സ്ക്കൂൾ കെട്ടിടം ഈ അദ്ധ്യയനവർഷം ഇടിഞ്ഞുവീണത് കിളിമാനൂരിനടുത്താണ്. അതിനെക്കുറിച്ചുള്ള അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റുണ്ടായിരുന്ന കെട്ടിടമാണ് തകർന്നുവീണത്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന ഉദ്യോഗസ്ഥൻമാർ വളരെ ജാഗ്രത പാലിക്കണമെന്ന് പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനകത്ത് അനാസ്ഥ കാണിച്ചാൽ തീർച്ചയായും അവരുടെ പേരിൽ നടപടി സ്വീകരിക്കും.

ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ:—സർ, സഹകാര്യ മേഖലയിലെ സ്ക്കൂളുകളിൽ ഫിറ്റ്നസ് സമ്പ്രദായം വളരെ കർശനമായി നടപ്പാക്കുകയും ഗവൺമെന്റ് സ്ക്കൂളുകളിൽ ഫിറ്റ്നസ് സമ്പ്രദായം ഇല്ലാതെയിരിക്കുകയും ചെയ്യുന്നത് ശരിയാണോ? ഇങ്ങനെയുണ്ടെങ്കിൽ സഹകാര്യ മേഖലയിലെ വിദ്യാർത്ഥികളുടെയും ഗവൺമെന്റ് സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെയും സുരക്ഷിതത്വം ഒന്നല്ലേ? ഇതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി.എം. ജേക്കബ്ബ്:—സഹകാര്യ മേഖലയിലെ വിദ്യാലയങ്ങൾക്കും ഗവൺമെന്റ് മേഖലയിലെ വിദ്യാലയങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതിനകത്തെ ഓരോ സ്ഥാപനത്തെയും സംബന്ധിച്ചിടത്തോളം പ്രൈവറ്റ് സ്ക്കൂൾ ആണെങ്കിൽ അവ ഹെഡ്മാസ്റ്ററും മാനേജരും, അത് ഏത് ജൂറിസ്ഡിക്ഷനിൽ വരുന്നോ അവിടത്തെ കൺസേൺഡ് ആഫീസർമാരും അതിൽ റെസ്പോൺസിബിളായിരിക്കുമെന്നാണ് പറയുന്നത്. അതുപോലെതന്നെ സർക്കാർ സ്ക്കൂളുകളെ സംബന്ധിച്ചും പ്രത്യേകമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പിന്നെ സ്റ്റാറ്റ്യൂട്ടറിയായിട്ട് അതിന് കെ.ഇ.ആർ.-ൽ പ്രത്യേക പ്രൊവിഷനില്ല. കെ.ഇ.ആർ.-ൽ ഒരു പ്രൊവിഷൻ ഉണ്ടാക്കുന്ന കാര്യം പരിഗണനയിലാണ്. ഉടനെതന്നെ റൂംസിൽ ഭേദഗതി വരുത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന ഒരു വ്യവസ്ഥ കൂടി കൂട്ടിച്ചേർക്കണമെന്ന് ഉദ്ദേശിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റ് അയയ്ക്കുന്ന സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതൊരു എക്സിക്യൂട്ടീവ് ഓർഡറാണ്. അത് നിയമ വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ.പി.എ. മജീദ്:—സുരക്ഷിതമല്ലാത്ത ഗവൺമെന്റ് സ്ക്കൂളുകൾ അവധിക്കാലത്ത് അറ്റകുറ്റപ്പണികൾ നടത്തി ഭദ്രമാക്കാൻ വേണ്ട നടപടിയെടുക്കുമോ? അതിന് ഇത്തവണ പ്രത്യേകമായി വല്ല നിർദ്ദേശവും നൽകാൻ തയ്യാറുണ്ടോ ?

ശ്രീ. ടി.എം. ജേക്കബ്ബ്:—സർ, സ്ക്കൂളുകളുടെ അറ്റകുറ്റപ്പണികൾ മേയ് 31-നകം പൂർത്തിയാക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ഈ ജോലികൾ അദ്ധ്യാപക-രക്ഷാകർതൃ സമിതിയെ ഏൽപ്പിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അവർ മുന്നോട്ടുവന്നാൽ അവർക്കുതന്നെ ജോലികൾ ഏറ്റെടുക്കാം. ഏതെങ്കിലും സ്ഥലങ്ങളിൽ അദ്ധ്യാപക-രക്ഷാകർതൃ സമിതി മുന്നോട്ടുവരാതിരിക്കുന്ന സാഹചര്യത്തിലാണ് അത് ടെൻഡർ ചെയ്യേണ്ടിവരുന്നത്. കുറഞ്ഞ തുകയ്ക്കുള്ള ജോലികളാകുമ്പോൾ പലപ്പോഴും ടെൻഡർ ചെയ്താൽ കരാറുകാരൻ അത് ഏറ്റെടുക്കാൻ തയ്യാറാകാതെ വരുന്നു. അങ്ങനെയുള്ള സ്ഥലങ്ങളിലാണ് താമസം വരുന്നത്. സർക്കാർ സ്ക്കൂളുകളുടെ എല്ലാ കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ അദ്ധ്യാപക-രക്ഷാകർതൃ സമിതിയെ ഏൽപ്പിക്കുവാൻ വേണ്ടി ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. എ മജീദ് : സർ, ഗവൺമെന്റ് വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം അൻപതിനായിരം രൂപയിലധികം വരുന്ന അറ്റകുറ്റ പണികൾക്ക് ഇപ്പോൾ ഡി. പി. ഐ. അംഗീകാരം നൽകുന്നില്ല. അതിനു താഴെയുള്ള പണികൾക്ക് മാത്രമേ ഇപ്പോൾ അംഗീകാരം നൽകുന്നുള്ളൂ. അതു കൊണ്ട് അതിലേറെ സംഖ്യവരുന്ന അറ്റകുറ്റപ്പണികൾ പ്രത്യേകമായി ഗവൺമെന്റ് പരിശോധിക്കുമോ?

ശ്രീ. ടി. എം ജേക്കബ് : സർ, സ്പെഷ്യൽ റിപ്പെയേഴ്സ് ചെയ്തെങ്കിൽമാത്രമേ ഈ കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കാൻ കഴിയൂ. അതല്ലെങ്കിൽ അവിടെ അക്കാമഡേഷൻ സൗകര്യങ്ങൾ ചെയ്യാൻ കഴിയൂ എന്ന് മനസ്സിലായിക്കഴിഞ്ഞാൽ തീർച്ചയായും അങ്ങനെയുള്ള സ്ഥലങ്ങളിൽ പ്രത്യേക ഉത്തരവ് കൊടുത്ത് പണികൾ ഏറ്റെടുക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാര്യം ചോദിച്ചപ്പോൾ ഈ സഭയോട് ഉത്തരവാദിത്വമുള്ള മന്ത്രി ഉത്തരമായി പറഞ്ഞത്, എം. എൽ. എ. മാരോടൊന്നും ആലോചിക്കണ്ട, മന്ത്രിമാർ ഇഷ്ടമുള്ളതുപോലെ ചെയ്യുമെന്നാണ്. അത് ഒരു മന്ത്രിക്ക് പറയാൻ പാടില്ലാത്ത മറുപടിയാണ്. സർ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് സ്കൂളുകളിൽ മാത്രമല്ല, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥൻമാർ വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ല. ഉദാഹരണമായി എത്ര സ്കൂളുകളുടെ കാര്യം വേണമെങ്കിലും പറയാം. അതുകൊണ്ട് ഈ സ്കൂളുകളുടെ മേൽക്കൂരയ്ക്കകത്തുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ വേണ്ടി കർശനമായ നിയമം പാലിക്കുവാൻ ഗവൺമെന്റ് ഭാഗത്തു നിന്ന് വേണ്ട നിർദ്ദേശം കൊടുക്കാമോ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഇവിടെ പറഞ്ഞ ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചുവെന്നാണ് തോന്നുന്നത്. ഞാൻ എം. എൽ. എ. മാരോട് ചോദിക്കണ്ടായെന്നല്ല പറഞ്ഞത്. ഇവിടെ ചിലർ കുറെക്കൂടുതലായി പറഞ്ഞപ്പോൾ അങ്ങനെ ചെയ്തത് തെറ്റാണെന്നാണോ നിങ്ങൾ പറയുന്നത് എന്നാണ് ചോദിച്ചത്. അങ്ങ്, വളരെ സൗമനസ്യപൂർവം ഓരോ സ്ഥലങ്ങളിലെയും ജനപ്രതിനിധി എന്ന നിലയിൽ അവരുടെ വികാരങ്ങൾകൂടി കണക്കിലെടുക്കണമെന്നു പറഞ്ഞു. അതുകൊണ്ട് തന്നെയാണ് എം. എൽ. എ. മാരോട് സ്കൂളുകളെ സംബന്ധിച്ച ഒരു ലിസ്റ്റു തരാൻ ആവശ്യപ്പെട്ടത്. അതനുസരിച്ചുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. എവിടെയെങ്കിലും പോരായ്മ വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുവാൻ കഴിയുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളോടുള്ള എല്ലാ ആദരവും പുലർത്തിക്കൊണ്ടു തന്നെയാണ് നടപടികൾ സ്വീകരിക്കുന്നത്. ഫിറ്റ്നസ് സർട്ടിഫിക്കറ്റിനെ സംബന്ധിച്ചിടത്തോളം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതെ ഒരു വിദ്യാലയവും പ്രവർത്തിപ്പിക്കുവാൻ അനുവദിച്ചിട്ടില്ല. എവിടെയെങ്കിലും കാലതാമസമുണ്ടാകുന്നുവെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ആളുകൾക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, പല സ്കൂളുകളിലും കെട്ടിടങ്ങളിൽ ആവശ്യത്തിന് സ്ഥലമില്ലാത്തതുകൊണ്ട് മൂന്നു ഷിഫ്റ്റുകൾ വരെ നടത്തുന്നുണ്ട്. മൂന്നു ഷിഫ്റ്റ് നടക്കുന്ന ഒരു സ്കൂളിൽ, നെയ്യാറ്റിൻകര താലൂക്കിലെ മൈലച്ചൽ സ്കൂളിൽ, ഒരു കെട്ടിടം തന്നിട്ട് അത് ഏതാണ്ട് കോൺക്രീറ്റു

LIBRARY ARCHIVES Kerala Legislative Assembly

ലവൽവരെ എത്തിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ഞാൻ നേരിട്ട് പരാതിയും തന്നു. ഇങ്ങനെയുള്ള കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിനെങ്കിലും കുട്ടികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനു വേണ്ടി അടിയന്തിരമായി എമൗണ്ട് അനുവദിച്ച് തരണം. അതുപോലെതന്നെ ഇപ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ് കൊടുക്കുന്നതിന് ഇപ്പോൾ പി. ഡബ്ല്യൂ. ഡി. യെയാണ് സമീപിക്കേണ്ടത്. അതിന്റെ ഒരു വിംഗ്—എൻജിനിയറിംഗ് വിംഗ്—എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ഉണ്ടാകാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ശ്രീ. ടി. എം. ജേക്കബ് : ഭാഗികമായി പ്രവർത്തനം നടത്തുകയും നിറുത്തിവയ്ക്കുകയും ചെയ്തിരിക്കുന്ന കുറേ വിദ്യാലയങ്ങളുണ്ട്. ഇതിൽ കരാറുകാരുമായി പി. ഡബ്ല്യൂ. ഡി. ഉണ്ടാക്കുന്ന എഗ്രിമെന്റുണ്ട്. ചില സന്ദർഭങ്ങളിലൊക്കെ പണി നിറുത്തിപ്പോയാൽ പിന്നീട് ചില നടപടിച്ചട്ടങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അങ്ങനെ ഏതാനും വിദ്യാലയങ്ങൾ ഭാഗികമായി നിർമ്മാണം പൂർത്തിയാക്കി നിറുത്തിവച്ചിരിക്കുകയാണ്. അങ്ങനെയുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഏതെങ്കിലും രീതിയിൽ കോൺട്രാക്ടറെക്കൊണ്ട് നടത്തിക്കുകയോ അല്ലെങ്കിൽ അവരെ ടെർമിനേറ് ചെയിതിട്ട് മറ്റുള്ള ആളുകളെക്കൊണ്ട് അത് ഏറെറടുത്ത് നടത്തിക്കുകയോ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫിറ്റ്നസ് സർട്ടിഫിക്കറ് കൊടുക്കുന്നതാണെങ്കിൽ പി. ഡബ്ല്യൂ. ഡി. എഞ്ചിനീയർമാരാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ ആദ്യം സൂചിപ്പിച്ചതു പോലെ സ്റ്റാറ്റ്യൂട്ടറി ഓബ്ലിഗേഷനായിട്ട് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനുവേണ്ടി കെ. ഇ. ആർ.ൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ലെവലിലുള്ള ഒരു വ്യക്തിയെയാണ് അതിനുവേണ്ടി ഉദ്ദേശിക്കുന്നത്. അതിന് ലോക്കൽ ബോഡീസിന്റെ എഞ്ചിനിയേഴ്സ് ആയാലും കുഴപ്പമില്ല. ഇതിനുവേണ്ടി ഒരു പ്രത്യേക വിംഗ് രൂപീകരിക്കുന്നതിനു ബുദ്ധിമുട്ടുണ്ട്.

(ii) അടിയന്തിര ചോദ്യോത്തരങ്ങൾ

മാവൂർ ഗ്വാളിയർ റയോൺസിലെ തൊഴിൽ സ്തംഭനം

* 1 [130]. ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയർ റയോൺസിൽ തൊഴിൽസ്തംഭനം എത്ര കാലമായി തുടരുന്നു ;

(ബി) തൊഴിൽ സ്തംഭനം ഒഴിവാക്കി കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിച്ചു ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 7-7-1985 മുതൽ.

(ബി) തൊഴിൽവകുപ്പ് ഇടപ്പെടുകയും നിരവധി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തുകയും ചെയ്തു.

ശ്രീ. കെ. മൂസ്സക്കുട്ടി : ഈ കമ്പനിയിൽ സ്തംഭനം തുടങ്ങിയിട്ട് എത്രവർഷമായി എന്നാണ് എന്റെ ചോദ്യം. കമ്പനി പൂട്ടിയ തീയതിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. അവിടെ സ്തംഭനം തുടങ്ങിയിട്ട് വർഷങ്ങളേറെയായി. ആ സ്തംഭനം ഒഴിവാക്കുന്നതിന് വേണ്ടി, ആ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly